[ശ്രീ. അലക്സാണ്ടർ പറമ്പിത്തറ]

കൃഷി ഉടമകളും സമ്മതിച്ചു അതനുസരിച്ച് പ്രവർത്തിച്ചുകൊള്ളാമെന്ന വ്യവസ്ഥയിലാണ് കൊയ്ത്താരംഭിച്ചത്. കൊയ്ത്താരംഭിക്കുന്നതിനു മുമ്പ് തൊഴിലാളി യൂണിയന്റെ അനുവാദം വാങ്ങാതെ കൊയ്തു എന്നുള്ള ഒരു കാരണത്താലാണത്രേ പെട്ടെന്നുള്ള ഈ എതിർപ്പും അപകടവും ഉണ്ടായത്. ഈ തൊഴിലാളി യൂണിയനിൽപ്പെട്ട ആളുകളും അധികം പേരും ഗവൺമെന്റുദ്യോഗസ്ഥൻമാരാണ്. സ്ഥിരം ഗവൺമെന്റു ജീവനക്കാരാണ്. അവർ കർഷകത്തൊഴിലാളി യൂണിയൻ പ്രവർത്തകർ കൂടിയാണ്. ഏതായാലും അവിടെ ഉണ്ടായത് യൗതൊരു പ്രകോപനവും കൂടാതെയുള്ള എതിർപ്പായിരുന്നു. വടിയും റബ്ബർ ടയറും കൊണ്ട് അടിച്ചതിനു പുറമെ അരിവാളുകൊണ്ടുള്ള പരിക്കുകളും ഉണ്ടായിട്ടുണ്ട്. ഇതിന്റെ ഫലമായി നിലമുടമയായ തങ്കപ്പന്റെ അനുജൻ രത്നാകരൻ ഉൾപ്പെടെ 8 പേർ എറണാകുളം ആശുപത്രിയിലാണ്. വളരെ ഗുരുതരമായ സ്ഥിതി വിശേഷമാണ് ഇതിന്റെ ഫലമായി അവിടെ ഉണ്ടായിട്ടുള്ളത്. ഗവൺമെന്റ് ഇക്കാര്യത്തിൽ വേണ്ട അന്വേഷണം അടിയന്തിരമായി നടത്തി ഈ മാതിരിയുള്ള ആക്രമണങ്ങളും ഇനി മേലാലെങ്കിലും ഉണ്ടാകാതിരിക്കുന്നതിനുള്ള സ്ഥിതി ഉണ്ടാക്കണമെന്നഭ്യർത്ഥിക്കുകയാണ്.

വനവും ഹരിജനക്ഷേമവും മന്ത്രി (ശ്രീ. എം. കെ. കൃഷ്ണൻ): ഇതിനെസംബന്ധിച്ച് അന്വേഷിച്ച് മറുപടി പറയാം.

(ii) PROPOSED DIRECT ACTION BY THE PHYSICAL EDUCATION INSTRUCTORS

വിദ്യാഭ്യാസ മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): ഡെപ്യൂട്ടി സ്പീക്കർ സർ, ശ്രീ. എ. കെ. അപ്പു ഇന്നലെ അദ്ദേഹം തന്നെ പ്രസിഡന്റായിട്ടുള്ള കേരളാ ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചേഴ്സ് യൂണിയൻ ഇവിടെ നടത്തുന്ന ഒരു സത്യഗ്രഹത്തെ സംബന്ധിച്ച് റൂൾ 61 അനുസരിച്ച് ഒരു ശ്രദ്ധക്ഷണിക്കൽ നടത്തുകയുണ്ടായി. പ്രസ്തുത അദ്ധ്യാപകരുടെ ഡിമാന്റുകളിൽ ഏറ്റവും പ്രധാനമായത് വേലായുധൻ കമ്മീഷൻ 90–190 സ്കെയിലിൽ ഉണ്ടായിരുന്ന ചില അദ്ധ്യാപകർക്ക് 100–210 ശമ്പളസ്കെയിലിൽ ശമ്പളവർദ്ധനവ് അനുവദിച്ചിട്ടുള്ളത് എല്ലാ ഹൈസ്ക്കൂൾ ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർമാർക്കും ബാധകമാക്കണമെന്നുള്ളതാണ്. ഇത് അന്നത്തെ ചില പ്രത്യേക സാഹചര്യങ്ങളിൽ ചില അദ്ധ്യാപകർക്കു കൊടുത്തിട്ടുള്ള പ്രത്യേകമായ സ്കെയിലാണ്. രണ്ടാം പഞ്ചവൽസരപദ്ധതികാലത്ത് ഒരു വലിയ ഭാഗം സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ ഹൈസ്ക്കൂളുകളിൽ ഒരു പ്രത്യേക ഗ്രേഡിൽ നിയമിച്ചു. അവർക്കാണ് ഈ ആനുകൂല്യം നൽകിയിട്ടുള്ളത്. അവർക്ക് ശമ്പള പരിഷ്ക്കരണ സമയങ്ങളിൽ ആനുകൂല്യം ലഭിച്ചിട്ടില്ലാത്തതുകൊണ്ട് ഒരു പുതിയ ശമ്പളസ്കെയിൽ കൊടുക്കണമെന്ന് വേലായുധൻ കമ്മീഷൻ ശുപാർശചെയ്യുകയുണ്ടായി. ഇതു ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചേഴ്സിനെ മാത്രം ബാധിക്കുന്ന ഒരു കാര്യവുമല്ല. ക്രാഫ്റ്റു തുടങ്ങിയ സ്പെഷ്യലിസ്റ്റു ടീച്ചേഴ്സിനെയും ഇങ്ങനെ നിയമിച്ചിട്ടുണ്ട്. സ്പെഷ്യലിസ്റ്റ് ടീച്ചർമാർ പ്രൈമറി സ്ക്കൂൾ ടീച്ചേഴ്സിന്റെ സ്കെയിലാണ് വാങ്ങിക്കുന്നത്. ഈ ഡിമാന്റ് അനുവദിക്കുന്നപക്ഷം ഹൈസ്ക്കൂളുകളിൽ പഠിപ്പിക്കുന്ന ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർമാരെന്നല്ല എല്ലാ സ്പെഷ്യലിസ്റ്റു ടീച്ചർമാർക്കും ഈ ഗ്രേഡ് കൊടുക്കേണ്ടിവരും. അങ്ങനെ കൊടുക്കാതിരിക്കാൻ ന്യായമുണ്ടാകുകയില്ല. ഇതു

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറിനു ദുർവ്വഹമായ ഒരു ഭാരമായിത്തീരും. മാത്രവുമല്ല പേക്കമ്മീഷൻ ഇങ്ങനെയൊരു ശുപാർശ ചെയ്തിട്ടുമില്ല. അതുകൊണ്ട് ഈ ശമ്പളവർദ്ധനവ് പേക്കമ്മീഷൻ ശുപാർശചെയ്തിട്ടുള്ള അദ്ധ്യാപകർക്കല്ലാതെ കൊടുക്കേണ്ടതില്ലെന്നാണ് ഗവൺമെൻറു തീരുമാനിച്ചിട്ടുള്ളത്.

അവരുടെ മറെറാരാവശ്യം സ്കൂൾ സമയത്തിനുശേഷം നടത്തുന്ന മാച്ചസ്, ഗെയിംസ് ഇതെല്ലാം പീരീഡുകളായി കണക്കാക്കി വകവെച്ചുകൊടുക്കണമെന്നുള്ളതാണ്. എന്നാൽ ഹൈസ്ക്കൂളുകളിൽ ഇപ്പോഴതന്നെ പീരീഡിൻെറ എണ്ണം നോക്കാതെ ഫുൾടൈം പോസ്റുകളാണ് ഗവൺമെൻറ് അംഗീകരിച്ചിട്ടുള്ളത്. കാലക്രമേണ പാർട്ട് ടൈം പോസ്റുകൾ വേണ്ടെന്നുവയ്ക്കാനുള്ള ഒരു പദ്ധതിയെസംബന്ധിച്ച് ഗവൺമെൻറ് പരിഗണിച്ചുവരികയാണ്. അങ്ങനെ ചെയ്യുമ്പോൾ ഇതിൻെറ ആവശ്യമുണ്ടാകുകയില്ല എന്നാണ് ഗവൺമെൻറ് പ്രതീക്ഷിക്കുന്നത്.

മറെറാരു നിർദ്ദേശം ഗെയിംസ് ഫീസ് വർദ്ധിപ്പിക്കണമെന്നുള്ളതാണ്. അതിന് ഇന്നത്തെ സാഹചര്യത്തിൽ ചില പ്രായോഗികമായ വിഷമതകളുണ്ട്. പെട്ടെന്ന് ഗെയിംസ് ഫീസ് വർദ്ധിപ്പിച്ചാലുള്ള പ്രതികരണത്തെ സംബന്ധിച്ചുകൂടി ഗവൺമെൻറിന് ആലോചിക്കണം. 500 കുട്ടികളിലധികം പഠിക്കുന്ന സ്കൂളുകളിൽ ഒരു ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർക്കു പുറമേ മറെറാരു ടീച്ചറെക്കൂടി നിശ്ചയിക്കണമെന്ന ആവശ്യവും അവർ ഉന്നയിച്ചിട്ടുണ്ട്. ഈ ആവശ്യം ഗവൺമെൻറ് പരിഗണിച്ചുവരികയാണ്. ഇത് സാമ്പത്തികമായി വലിയൊരു ഭാരം ഗവൺമെൻറിനുണ്ടാക്കുമെന്നുള്ളതു തീർച്ചയാണ്. ഇത് എത്രത്തോളം വരുമെന്നുള്ളതെല്ലാം ഗവൺമെൻറ് പരിശോധിക്കുന്നതാണ്.

പിന്നെ റിഫ്റഷർ കോഴ്സ് ഏർപ്പെടുത്തണമെന്നും ഫിസിക്കൽ എഡ്യൂക്കേഷൻ ഒരു കംപൽസറി വിഷയമാക്കണമെന്നും അവരുടെ മെമ്മോറാണ്ടത്തിൽ പറഞ്ഞിട്ടുണ്ട്. ഈ ഡിമാൻറുകളെല്ലാം പരിശോധിക്കേണ്ടതാണ്. ഫിസിക്കൽ എഡ്യൂക്കേഷൻ കംപൽസറി വിഷയമാക്കണമെന്നുള്ള നിർദ്ദേശം ഒരു ആരോഗ്യകരമായ ഡിമാൻറല്ല. അത് അംഗീകരിക്കാവുന്നതാണോ എന്നൊന്നും എനിക്കിപ്പോൾ പറയാൻ നിവൃത്തിയില്ല. മാത്രമല്ല ഇത് അഭിപ്രായവ്യത്യാസമുള്ള കാര്യവുമാണ്. അതുകൊണ്ട് പെട്ടെന്നു തീരുമാനമെടുക്കാൻ സാദ്ധ്യമല്ല.

ശ്രീ. അപ്പു ഇന്നലെ പറയുകയുണ്ടായി ഗവൺമെൻറ് കൊടുത്ത ചില ആനുകൂല്യങ്ങൾ നടപ്പിലാക്കുന്നതിൽ ചില സ്കൂളുകളിലെ പ്രധാനികൾ വൈമനസ്യം കാണിക്കുന്നുണ്ടെന്ന്. പ്രധാനമായും ഹൈസ്ക്കൂൾ ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരെ ഹൈസ്ക്കൂൾ പട്ടികയിലെഴുതി ശമ്പളം കൊടുക്കണമെന്നു വ്യവസ്ഥ ചെയ്തിട്ടുണ്ട്. ക്രാഫ്റ് അദ്ധ്യാപകരെ സംബന്ധിച്ചും ഇതാണ് വ്യവസ്ഥ. ആ വ്യവസ്ഥ ദുർവ്യാഖ്യാനം ചെയ്ത് പല അദ്ധ്യാപകർക്കും ഹൈസ്ക്കൂളുകളിൽ എഴുതാൻ സമ്മതിക്കുന്നില്ലെന്നു പറയുന്നുണ്ട്. പ്രത്യേകമായി ആ വ്യവസ്ഥയിൽ മാറ്റം വരുത്താൻ സാദ്ധ്യമല്ല. ക്രാഫ്റ് അദ്ധ്യാപകരെ സംബന്ധിച്ചും ഇങ്ങനെയൊരു നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ഹൈസ്ക്കൂളുകളിൽ അൽപ്പസ്വൽപം പഠിപ്പിച്ചു എന്നുള്ളതുകൊണ്ട് പ്രധാനമായും യു. പി. യിലാണ് പഠിപ്പിക്കുന്നതെങ്കിൽ നേരത്തേ പറഞ്ഞ കാര്യം പ്രായോഗികമല്ല. എന്നാൽ ഹൈസ്ക്കൂളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരെ ഹൈസ്ക്കൂളിൽ കണക്കാക്കിക്കൊള്ളണമെന്നുള്ള ഗവൺമെൻറു കൽപ്പന ആരെങ്കിലും ദുർവ്യാഖ്യാനം ചെയ്യുകയോ അനുസരിക്കാതിരി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. എച്ച്. മുഹമ്മദുകോയ]

ക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആ രീതിയിൽ വ്യക്തിപരമായിട്ടുള്ള സംഭവങ്ങളും ഗവൺമെൻറിനേയോ കൺട്രോളിംഗ് ഓഫീസറേയോ അറിയിച്ചാൽ അതിന് പരിഹാരം ഉണ്ടാക്കാമെന്ന ഉറപ്പു പറയാൻ ഞാനാഗ്രഹിക്കുന്നു.

ശ്രീ. ടി. എ. മജീദ്: സർ, കയർത്തൊഴിലാളികളുടെ ഗുരുതരമായ ഒരു പ്രശ്നം ഞങ്ങൾ ഇന്നിവിടെ ഉന്നയിക്കുകയുണ്ടായി. അതിനു പരിഹാരമായി നല്ലൊരു നിർദ്ദേശവും ഞങ്ങൾ വച്ചു. ആ നിർദ്ദേശം വച്ചപ്പോൾ അതിനെപ്പറ്റി വ്യക്തമായി യാതൊരു മറുപടിയും പറയാതെ ബഹുമാനപ്പെട്ട മന്ത്രി ഒഴിഞ്ഞുമാറിയത് ശരിയാണോ എന്ന് അങ്ങ് റൂളിംഗ് തരണം. ചോദ്യോത്തരവേളയിൽ അങ്ങേയ്ക്കു നിർബ്ബന്ധിക്കുവാൻ അവകാശമില്ലെന്നു റൂളിംഗ് തന്നിട്ടുണ്ട്. ഇത് പ്രശ്നം അതല്ല. വളരെ കഷ്ടപ്പെടുന്ന തൊഴിലാളികൾക്ക് ആശ്വാസം നൽകാൻവേണ്ടി ചില നിർദ്ദേശങ്ങൾ ഞങ്ങൾ വച്ചതാണ്. അതു സ്വീകരിക്കുവാൻ കഴിയുമോ, സ്വീകരിക്കുവാൻ കഴിയുകയില്ലയോ എന്നൊന്നും പറയാൻ ശ്രമിക്കാതെ മന്ത്രി ഒഴിഞ്ഞുമാറിയത് ശരിയല്ല. വ്യക്തമായ മറുപടി കിട്ടിയേ കഴിയൂ.

ശ്രീമതി കെ. ആർ. ഗൗരി: സർ, റൂൾ 61 അനുസരിച്ച് ഇവിടെ റെയിസ് ചെയ്യുകയും മന്ത്രി അതിനു മറുപടി പറയുകയും ചെയ്തു. അതുകഴിഞ്ഞ് സ്പീക്കർ വേറെ ഐറ്റത്തിലേയ്ക്കു കടക്കുകയും ചെയ്തു. അതിനുശേഷം ഓർമ്മിച്ചിട്ട് ഇങ്ങനെ പറയുന്നത് ഓർഡറിലാണോ ?

ശ്രീ. ടി. എ. മജീദ്: പോയിൻറ് ഓഫ് ഓർഡറാണ് ഉന്നയിച്ചത്.

ഡെപ്യൂട്ടി സ്പീക്കർ: തൊഴിൽവകുപ്പു മന്ത്രി പറഞ്ഞിട്ടുള്ളത് അദ്ദേഹത്തിൻെറ ഗവൺമെൻറിനു ചെയ്യാൻ കഴിയുകയില്ലെന്നാണ്. സഭാനേതാവിന് എന്തെങ്കിലും പറയാനുണ്ടോ ?

ശ്രീമതി കെ. ആർ. ഗൗരി: എനിക്കതിനെപ്പറ്റിയൊന്നും പറയാൻ സാദ്ധ്യമല്ല. ആ സംഭവത്തെ സംബന്ധിച്ച് തൊഴിൽവകുപ്പു മന്ത്രി സ്ഥിതിഗതികൾ ഉദ്ധരിച്ച് ഇവിടെ പറയുകയുണ്ടായി. അതിനെപ്പറ്റി എന്തുചെയ്യണമെന്നുള്ളത് പിന്നെ ആലോചിക്കാമെന്നും പറഞ്ഞു.

ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ശ്രീധർ ഒരു നിർദ്ദേശം വച്ചിട്ടുണ്ട്. അതിനെപ്പറ്റി മന്ത്രി പറഞ്ഞത് അദ്ദേഹത്തിൻെറ ഗവൺമെൻറിനു സാദ്ധ്യമല്ലെന്നാണ്.

ശ്രീമതി കെ. ആർ. ഗൗരി: റൂൾ 61 അനുസരിച്ച്, ഞാൻ മനസ്സിലാക്കിയിട്ടുള്ളത് മെമ്പർക്കു പറയാനുള്ളതു പറയുകയും ബന്ധപ്പെട്ട വകുപ്പുമന്ത്രി അതിനു മറുപടി പറയുകയും ചെയ്യുകയെന്നുള്ളതാണ്. പിന്നെയും അതാവർത്തിക്കുകയെന്നത് പുതിയ ഒരേർപ്പാടാണ്.

ഡെ: സ്പീക്കർ: അത് അഡ്ജേൺമെൻറ് മോഷനായിരുന്നു. ശ്രീ. ശ്രീധർ അതിന് നല്ലൊരു നിർദ്ദേശവും വച്ചു. എൻെറ ഗവൺമെൻറിനു ചെയ്യാൻ കഴിയുകയില്ലെന്നാണ് തൊഴിൽമന്ത്രി മറുപടി പറഞ്ഞത്; ഇവിടെ ഗവൺമെൻറു അല്ലാതെ ആരോ ഉള്ളതുപോലെ. ഗവൺമെൻറ് ആണ് എല്ലാം ചെയ്യേണ്ടതു സ്പീക്കർക്കു ഒന്നും ചെയ്യാനില്ല.

LIBRARY ARCHIVES Kerala Legislative Assembly